സൂറ–11

ഹൂദ്

حَتَّىٰٓ إِذَا جَآءَ أَمْرُنَا وَفَارَ ٱلتَّنُّورُ قُلْنَا ٱحْمِلْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ
وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ ٱلْقَوْلُ وَمَنْ ءَامَنَ ۚ وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٌ ﴿٤٠﴾

40 ഒടുവിൽ നമ്മുടെ കൽപന വരികയും ആ അടുപ്പ് വെള്ളം ചീറ്റുകയും ചെയ്ത പ്പോൾ നാം നിർദേശിച്ചു: എല്ലാറ്റിൽനിന്നും രണ്ട് ഇണയെ വീതം കപ്പലിൽ കയ റ്റുക; നിന്റെ കുടുംബത്തെയും നേരത്തെ വിധി പറയപ്പെട്ടവരൊഴിച്ച്, വിശ്വാസിക ളായവരെയും കയറ്റുക. തുഛമാളുകളേ അദ്ദേഹത്തോടൊപ്പം വിശ്വസിച്ചിരുന്നുള്ളൂ.

۞ وَقَالَ ٱرْكَبُوا۟ فِيهَا بِسْمِ ٱللَّهِ مَجْرِىٰهَا وَمُرْسَىٰهَآ ۚ إِنَّ رَبِّى لَغَفُورٌ رَّحِيمٌ
﴿٤١﴾

41 നൂഹ് പറഞ്ഞു: ഈ കപ്പലിൽ കയറുവിൻ. അതിന്റെ ഓട്ടവും നിൽപും അല്ലാഹു വിന്റെ നാമത്തിലാകുന്നു. എന്റെ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാമയനും തന്നെ.

وَهِىَ تَجْرِى بِهِمْ فِى مَوْجٍ كَٱلْجِبَالِ وَنَادَىٰ نُوحٌ ٱبْنَهُۥ وَكَانَ
فِى مَعْزِلٍ يَٰبُنَىَّ ٱرْكَب مَّعَنَا وَلَا تَكُن مَّعَ ٱلْكَٰفِرِينَ ﴿٤٢﴾

42 കപ്പൽ പർവത സമാനമായ തിരമാലകൾ മുറിച്ച് ഒഴുകിത്തുടങ്ങി. അപ്പോൾ നൂഹ് തന്റെ പുത്രനെ വിളിച്ചു; അവൻ അവരിൽനിന്ന് മാറിനിൽക്കുകയായിരുന്നു. പ്രിയ പുത്രാ, ഞങ്ങളോടൊപ്പം കപ്പലിൽ കയറുക. നിഷേധികളോടൊപ്പം ചേരാതിരിക്കു ക.

قَالَ سَـَٔاوِيٓ إِلَىٰ جَبَلٖ يَعۡصِمُنِي مِنَ ٱلۡمَآءِۚ قَالَ لَا عَاصِمَ ٱلۡيَوۡمَ مِنۡ أَمۡرِ ٱللَّهِ إِلَّا
مَن رَّحِمَۚ وَحَالَ بَيۡنَهُمَا ٱلۡمَوۡجُ فَكَانَ مِنَ ٱلۡمُغۡرَقِينَ ٤٣

43 അവൻ പറഞ്ഞു: ഞാനിതാ ഒരു മല കയറാൻ പോകുന്നു. അതെന്നെ പ്രളയത്തിൽനിന്നു രക്ഷിച്ചുകൊള്ളും. നൂഹ് അവനെ ഉപദേശിച്ചു: ഇന്ന് അല്ലാഹുവിന്റെ വിധിയിൽനിന്ന് ആരെയും രക്ഷിക്കുന്ന യാതൊന്നുമില്ല. അവൻ തന്നെ വല്ലവർക്കും കാരുണ്യമരുളിയാലല്ലാതെ. അപ്പോഴേക്കും ഒരു തിര വന്ന് അവർക്കിടയിൽ മറയിട്ടു. അവൻ മുങ്ങിയൊടുങ്ങുന്നവരുടെ കൂട്ടത്തിൽ പെടുകയും ചെയ്തു.

حَتَّىٰٓ إِذَا جَآءَ= നമ്മുടെ കൽപന أَمۡرُنَا= അങ്ങനെ (ഒടുവിൽ) വ(രികയും)ന്നപ്പോൾ
وَفَارَ= ചീറ്റുകയും, ഉറവപൊട്ടുകയും (ചെയ്തപ്പോൾ)
ٱلتَّنُّورُ= ആ അടുപ്പ് قُلۡنَا= നാം പറഞ്ഞു (നിർദേശിച്ചു)
ٱحۡمِلۡ= (കയറ്റുക, വഹിപ്പിക്കുക) فِيهَا= അതിൽ(കപ്പലിൽ)
مِن كُلٖ= എല്ലാറ്റിൽ(എല്ലാ വിഭാഗത്തിൽ)നിന്നും
زَوۡجَيۡنِ= രണ്ട് ഇണയെ ٱثۡنَيۡنِ= രണ്ട് وَأَهۡلَكَ= നിന്റെ കുടുംബത്തെയും
إِلَّا مَن سَبَقَ عَلَيۡهِ ٱلۡقَوۡلُ= ആരുടെ മേൽ വചനം മുൻകടന്നിരിക്കുന്നുവോ
അവൻ ഒഴിച്ച് (നേരത്തെ വിധി പറയപ്പെട്ടവരൊഴിച്ച്)
وَمَنۡ ءَامَنَ= വിശ്വാസികളായവരെയും (കപ്പലിൽ കയറ്റുക)
وَمَآ ءَامَنَ= അദ്ദേഹത്തോടൊപ്പം مَعَهُۥٓ= വിശ്വസിച്ചിരുന്നില്ല (വിശ്വസിച്ചുള്ളൂ)
إِلَّا قَلِيلٞ= (തുഛം ആളുകളേ) وَقَالَ= തുഛം അല്ലാതെ (നൂഹ്) പറഞ്ഞു
ٱرۡكَبُواْ= കയറുവിൻ فِيهَا= അതി(കപ്പലി)ൽ بِسۡمِ ٱللَّهِ= അല്ലാഹുവിന്റെ നാമത്തിലാകുന്നു
مَجۡرىٰهَا= അതിന്റെ നങ്കൂരമിടലും (നിൽപും) وَمُرۡسَىٰهَآ= അതിന്റെ ഒഴുകൽ (ഓട്ടം)
إِنَّ رَبِّي= ഏറെ പൊറുക്കുന്നവൻ തന്നെ لَغَفُورٞ= തീർച്ചയായും എന്റെ നാഥൻ
رَّحِيمٞ= അത് (കപ്പൽ) وَهِيَ= കരുണാമയ(നും)ൻ ആയ
تَجۡرِي= അവരെയും കൊണ്ട് بِهِمۡ= ഒഴുകുന്നു(കിത്തുടങ്ങി)
فِي مَوۡجٖ= തിര (മാലകൾ മുറിച്ച്)യിൽ
كَٱلۡجِبَالِ= പർവത(സമാനമായ)ങ്ങൾ പോലെയുള്ള
وَنَادَىٰ نُوحٌ= നൂഹ് വിളിച്ചു ٱبۡنَهُۥ= തന്റെ പുത്രനെ وَكَانَ= ആയിരുന്നു
فِي مَعۡزِلٖ= ഏകാന്ത സ്ഥലത്ത്, അവരിൽനിന്ന് (മാറിനിൽക്കുക)

يَـبُنَيَّ= എന്റെ കുഞ്ഞുമകനേ (പ്രിയപുത്രാ)

ٱرۡكَب= വാഹനം (കപ്പലിൽ) കയറുക مَّعَنَا= ഞങ്ങളോടൊപ്പം

وَلَا تَكُن= നീ ആവരുത് (ചേരാതിരിക്കുക) مَّعَ ٱلۡكَـٰفِرِينَ= നിഷേധികളോടൊപ്പം

قَالَ= അവൻ പറഞ്ഞു سَـَٔاوِيٓ= ഞാൻ (ഇതാ) അഭയം തേടുന്നു(കയറാൻ പോകുന്നു)

إِلَىٰ جَبَلٖ= ഒരു മലയിലേക്ക് يَعۡصِمُنِي= അത് എന്നെ രക്ഷിക്കും

قَالَ= പറഞ്ഞു(നൂഹ് ഉപദേശിച്ചു) مِنَ ٱلۡمَآءِۚ= വെള്ള(പ്രളയ)ത്തിൽനിന്ന്

ٱلۡيَوۡمَ= ഇന്ന് لَا عَاصِمَ= രക്ഷിക്കുന്നത്(യാതൊന്നും)ഇല്ല

مِنۡ أَمۡرِ ٱللَّهِ= അല്ലാഹുവിന്റെ വിധിയിൽനിന്ന്(ആരെയും)

وَحَالَ= അവൻ കാരുണ്യമരുളിയാലല്ലാതെ إِلَّا مَن رَّحِمَۚ= മറ(യിട്ടു)യായി

ٱلۡمَوۡجُ = അവർ രണ്ടുപേർക്കുമിടയിൽ بَيۡنَهُمَا= തിര

فَكَانَ= അപ്പോൾ അവൻ ആയി (പെട്ടുപോവുകയും ചെയ്തു)

مِنَ ٱلۡمُغۡرَقِينَ= മുങ്ങിയൊടുങ്ങുന്നവരുടെ കൂട്ടത്തിൽ

40: നമ്മുടെ കൽപന വന്നു جَآءَ أَمۡرُنَا എന്നതിന്റെ വിവക്ഷ പ്രളയം ആരംഭിക്കാൻ അല്ലാഹു നിശ്ചയിച്ച സമയം ആസന്നമായി എന്നാണ്. തിളച്ചുമറിഞ്ഞു, ഉറന്നൊഴുകി, ചീറ്റി, തൂറ്റി എന്നൊക്കെ അർഥമുള്ള പദമാണ് فَارَ. അടുപ്പ്(تنور)നോട് ال ചേർന്നത് ഒരു പ്രത്യേക അടുപ്പിനെ സൂചിപ്പിക്കുന്നതായി വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അതായത്, ഒരു പ്രത്യേക അടുപ്പിൽനിന്ന് വെള്ളം ചീറ്റലാണ് പ്രളയാരംഭത്തിന്റെ ലക്ഷണമെന്ന് അല്ലാഹു നൂഹ് നബിയെ അറിയിച്ചിരുന്നു. ആ അടുപ്പ് നൂഹ് നബിയുടെ അടുക്കളയിലെ അടുപ്പായിരുന്നുവെന്നും കൂഫയിലുണ്ടായിരുന്ന മറ്റൊരടുപ്പായിരുന്നുവെന്നും മക്കയിലുണ്ടായിരുന്ന അടുപ്പായിരുന്നുവെന്നുമൊക്കെ പറയപ്പെടുന്നുണ്ട്. تنور കൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് ഭൂതലം ആണെന്ന് ഇബ്നു അബ്ബാസ് തുടങ്ങിയ പൂർവികർ പ്രസ്താവിച്ചതായും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. പ്രഭാതോദയത്തിന്റെ രൂപകമാണ് فَارَ ٱلتَّنُّورُ എന്നും ഒരു വ്യാഖ്യാനമുണ്ട്. പ്രളയത്തിന്റെ ആഗമനത്തെയാണ് فَارَ ٱلتَّنُّورُ കൊണ്ട് അവതരിപ്പിക്കുന്നതെന്നാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ വീക്ഷണം. മീതെനിന്ന് കനത്ത പേമാരി വർഷിച്ചു. താഴെ സമുദ്രജലം ക്ഷോഭിച്ചുയർന്നു. കരപ്രദേശങ്ങളിൽ വ്യാപിച്ചു. സൂറ *അൽഖമറി*ലെ 11,12 സൂക്തങ്ങൾ ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നു.

فَفَتَحۡنَآ أَبۡوَٰبَ ٱلسَّمَآءِ بِمَآءٖ مُّنۡهَمِرٖ ﴿١١﴾ وَفَجَّرۡنَا ٱلۡأَرۡضَ عُيُونٗا فَٱلۡتَقَى ٱلۡمَآءُ عَلَىٰٓ أَمۡرٖ قَدۡ قُدِرَ ﴿١٢﴾

"അപ്പോൾ കോരിച്ചൊരിയുന്ന പേമാരിയാൽ നാം വിണ്ണിന്റെ കവാടങ്ങൾ തുറന്നു. ഭൂമിയെ പുഴകളായി ഒഴുക്കി. വിധിക്കപ്പെട്ടത് നിറവേറുന്നതിനുവേണ്ടി ജലമൊക്കെയും കൂടിച്ചേർന്നു." ജലം കരയിലേക്ക് വ്യാപിച്ചപ്പോൾ നൂഹ്(അ) കൽപിക്കപ്പെട്ടു: നിന്റെ കുടുംബത്തെയും വിശ്വാസികളെയും എല്ലാറ്റിൽനിന്നും ഓരോ ജോഡിയെയും കപ്പ

ലിൽ കയറ്റുക ٱحۡمِلۡ فِيهَا مِن كُلّٖ زَوۡجَيۡنِ ٱثۡنَيۡنِ وَأَهۡلَكَ.... وَمَنۡ ءَامَنَ എല്ലാറ്റിൽനിന്നും مِن كُلّٖ എന്നതിന്റെ ഉദ്ദേശ്യം ഭൂമിയിലുള്ള സകല ജന്തുവർഗത്തിൽനിന്നും എന്നാണ് പല വ്യാഖ്യാതാക്കളും അർഥം കൽപിച്ചിട്ടുള്ളത്. പദത്തിന്റെ ഭാഷാർഥം അതിനെ സാധൂകരിക്കുമെങ്കിലും അതു ശരിയാവണമെന്നില്ല. പ്രയോഗത്തിൽ كُلّٖ എല്ലാം എന്ന പദത്തിന്റെ പരിധി നിർണയിക്കുന്നത് സന്ദർഭമാണ്. ഒരു യോഗത്തിൽ 'എല്ലാവരും' എത്തി എന്നു പറഞ്ഞാൽ ലോകത്തുള്ള സകല മനുഷ്യരും അല്ലെങ്കിൽ ജീവികളും ആ യോഗത്തിൽ എത്തി എന്നർഥമില്ല. ക്ഷണിക്കപ്പെട്ടവർ അല്ലെങ്കിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നവർ എല്ലാവരും എത്തി എന്നേ അർഥമുള്ളൂ. കപ്പലിൽ പുറപ്പെടാൻ ഒരുങ്ങുന്ന നൂഹ് നബിയോട് എല്ലാറ്റിൽനിന്നും രണ്ട് ഇണയെ കൂടെകൂട്ടുക എന്നു പറയുമ്പോൾ അവർക്കു പരിചിതമായ അല്ലെങ്കിൽ അവർ വളർത്തുന്നതും ഉപയോഗിക്കുന്നതുമായ ജന്തുക്കളിൽനിന്ന് ഓരോ ജോഡിയെകൂടെ കൊണ്ടുപോവുക എന്നേ അർഥമാക്കേണ്ടതുള്ളൂ. ദുർബലമായ നിവേദനങ്ങളാണ് ലോകത്തുള്ള സർവ ജീവജാലങ്ങളുടെയും ഓരോ ജോഡി നൂഹ് നബിയുടെ കപ്പലിലുണ്ടായിരുന്നു എന്ന വ്യാഖ്യാനത്തിനാധാരം. അത്തരം നിവേദനങ്ങളനുസരിച്ചു തന്നെ നൂഹ് നബിയുടെ കപ്പലിന് ഏറിയാൽ 1200 മുഴം നീളവും 600 മുഴം വീതിയുമാണുണ്ടായിരുന്നത്. ഈ കപ്പൽ 6 മാസത്തോളം അവരെയുംകൊണ്ട് വെള്ളത്തിൽ ഒഴുകി നടന്നുവെന്നും പറയുന്നു. ഇത്തരമൊരു കപ്പലിൽ ലോകത്തുള്ള സകലയിനം ജീവജാലങ്ങളിൽനിന്ന് ഓരോ ജോഡിയെയും അവർക്ക് ആറുമാസക്കാലത്തേക്കുള്ള ആഹാരവും കയറ്റാനാവില്ലെന്ന് വ്യക്തമാണ്.

സ്വന്തം കുടുംബത്തെ കപ്പലിൽ കയറ്റാൻ കൽപിച്ചതോടൊപ്പം നേരത്തെ വിധി പറയപ്പെട്ടവരെ അതിൽനിന്നൊഴിവാക്കണമെന്നും പറഞ്ഞിരിക്കുന്നു. വീണ്ടെടുപ്പ് അസാധ്യമാംവണ്ണം അധർമത്തിലും ദൈവധിക്കാരത്തിലും ആണ്ടവരാണ് അവർ. അവരെക്കുറിച്ചുള്ള വിധി നേരത്തെ 37-ാം സൂക്തത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: وَلَا تُخَـٰطِبۡنِي فِي ٱلَّذِينَ ظَلَمُوٓاْۚ إِنَّهُم مُّغۡرَقُونَ "അതിക്രമികളായവരുടെ കാര്യത്തിൽ നീ എന്നോട് ശിപാർശ ചെയ്യേണ്ട. അവർ മുങ്ങിയൊടുങ്ങേണ്ടവർ തന്നെയാകുന്നു." നൂഹ് നബിയുടെ കുടുംബത്തിൽ ഈ വിധിക്കർഹരായവരാരൊക്കെയാണെന്നു വ്യക്തമല്ല. എങ്കിലും അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ ഒരു പുത്രനുണ്ടായിരുന്നുവെന്ന് ഈ സൂറയിലെ 42-ാം സൂക്തത്തിൽനിന്നും ഭാര്യയുമുണ്ടായിരുന്നുവെന്ന് സൂറ *അത്തഹ്രീം* 10-ാം സൂക്തത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. അസത്യവും അധർമവുമാചരിക്കുന്നവർ പ്രവാചകന്മാരുടെ ഭാര്യയും മക്കളുമായാൽ പോലും ശിക്ഷിക്കപ്പെടുമെന്നും, അവർക്കുവേണ്ടി സാക്ഷാൽ പ്രവാചകൻ തന്നെ ശിപാർശ ചെയ്താലും സ്വീകരിക്കപ്പെടുകയില്ലെന്നും കൂടി നൂഹ് കുടുംബത്തിന്റെ അനുഭവം ചൂണ്ടിക്കാണിക്കുന്നു.

ഇവിടെ തുഛമാളുകളേ നൂഹ് നബിയിൽ വിശ്വസിച്ചവരുണ്ടായിരുന്നുള്ളൂ. وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٞ എന്ന് എടുത്തുപറഞ്ഞിരിക്കുന്നു. വർഷങ്ങൾ നീണ്ട പ്രയത്നത്തിലൂടെ കപ്പൽ നിർമിക്കപ്പെട്ടതും അതിൽ മനുഷ്യർക്കും അവരുടെ ജന്തുക്കൾക്കും മാസങ്ങളോളം ഒഴുകി നടക്കാൻ വേണ്ട സജ്ജീകരണങ്ങളൊരുക്കിയതും ആരെ രക്ഷിക്കാൻ വേണ്ടിയാണോ ആ വിശ്വാസികൾ വളരെ തുഛം പേരേ ഉണ്ടായിരുന്നുള്ളൂ. മനുഷ്യരുടെ മഹാഭൂരിപക്ഷം ഭൂമിക്ക് മാലിന്യഭാരമാണെന്ന് സ്ഥിരപ്പെട്ടുകഴിഞ്ഞാൽ അല്ലാഹു അവരെ നിർദാക്ഷിണ്യം നിർമാർജനം ചെയ്ത് ഭൂമിയെ ശുദ്ധമാക്കും. ദൈവികമായ രക്ഷാശിക്ഷകളുടെ കാര്യത്തിൽ എണ്ണക്കൂടുതൽ അഥവാ ഭൂരിപക്ഷമല്ല അല്ലാഹുവിന്റെ പരിഗണന. അവരുടെ സത്യവും ധർമവും നീതിയുമാണവൻ പരിഗണിക്കു

ന്നത്. ഈ മൂല്യങ്ങളിൽനിന്ന് തികച്ചും മുക്തരായവർ എത്രവലിയ ഭൂരിപക്ഷമായാലും നിർദാക്ഷിണ്യം ശിക്ഷിക്കപ്പെടും. തങ്ങൾ ഭൂരിപക്ഷമാണ്, സമ്പത്തും സ്വാധീനവുമുള്ളവരാണ്, തങ്ങളെ ആർക്കും തൊടാനാവില്ല എന്ന നൂഹ് ജനതയുടെ ഹുങ്ക് കേവലം മിഥ്യയായിരുന്നു. ഞങ്ങളാണ് ഭൂരിപക്ഷം, അധികാരവും സമ്പത്തുമുള്ളവർ, മുഹമ്മദും കൂട്ടരും ന്യൂനാൽ ന്യൂനപക്ഷമായ ഏഴകളാണ് എന്ന ഖുറൈശികളുടെ ഹുങ്കിന്റെ അവസ്ഥയും ഇതുതന്നെയാണെന്ന ധ്വനി കൂടി ഇതിലുണ്ട്.

സത്യം, ധർമം, നീതി തുടങ്ങിയ വിശിഷ്ട മൂല്യങ്ങൾ ധരിച്ചവർ അഥവാ സത്യവിശ്വാസികൾ എത്ര തുച്ഛമായാലും ഏതു വിധേനയും രക്ഷിക്കപ്പെടും എന്നതാണ് മറ്റൊരു ധ്വനി. ഏതു സർവവ്യാപിയായ വിപത്തിൽനിന്നും അല്ലാഹുവിന്റെ രക്ഷയർഹിക്കുന്നവർ രക്ഷപ്പെട്ടിരിക്കും. അവരുടെ എണ്ണക്കുറവോ ശേഷിക്കുറവോ പരിഗണിക്കപ്പെടുന്നതല്ല. അല്ലാഹുവിന്റെ നീതി നടത്തിപ്പും സംരക്ഷണവും നിഷ്പക്ഷവും കണിശവുമാകുന്നു എന്നതാണ് മറ്റൊന്ന്. ശിക്ഷാർഹമായ ഒരു മഹാ സമൂഹത്തിൽ ശിക്ഷാർഹനല്ലാത്ത ഒരാളുണ്ടെങ്കിൽ അല്ലാഹു അയാളെ ശിക്ഷയിൽ നിന്നൊഴിവാക്കുകയും ചെയ്യുന്നു.

കപ്പലിൽ അഭയം ലഭിച്ച വിശ്വാസികൾ വളരെക്കുറച്ചേ ഉണ്ടായിരുന്നുള്ളൂ എന്നല്ലാതെ അവരെത്ര പേരുണ്ടായിരുന്നുവെന്ന് ഖുർആൻ പറയുന്നില്ല. കഥകളിൽ പല എണ്ണങ്ങൾ പറയുന്നുണ്ടെങ്കിലും അവക്കൊന്നും യാതൊരു ആധികാരികതയുമില്ല.

41: അല്ലാഹുവിന്റെ നിർദേശമനുസരിച്ച് നൂഹ്(അ) കുടുംബത്തെയും കൂട്ടുകാരെയും കപ്പലിലേക്ക് വിളിച്ചുകയറ്റി. 'ബിസ്മില്ലാഹി മജ്റാഹാ വ മുർസാഹാ, ഇന്ന റബ്ബീ ലഗഫൂറുർറഹീം' എന്ന വചനം ഇവിടെ വിശ്വാസികളോടുള്ള ഉൽബോധനവും ഒപ്പം അല്ലാഹുവിനോടുള്ള പ്രാർഥനയുമാണ്. അല്ലാഹുവിന്റെ കൽപന പ്രകാരം നിർമിക്കപ്പെട്ട ഈ യാനപാത്രമാണ് നമുക്കഭയം. അത് അവൻ നിശ്ചയിച്ച ദിശയിലേക്ക് നമ്മെയും കൊണ്ട് ഒഴുകും. അവൻ നിശ്ചയിച്ചിടത്ത് നമ്മെ കൊണ്ടെത്തിക്കുകയും ചെയ്യും. നമ്മുടെ തെറ്റുകുറ്റങ്ങൾക്ക് അവനോട് മാപ്പു തേടുവീൻ. തെറ്റുകുറ്റം മാപ്പാക്കി ഈ മഹാവിപത്തിൽനിന്ന് അവൻ നമ്മെ രക്ഷിക്കും. എന്തുകൊണ്ടെന്നാൽ അവൻ ഏറെ മാപ്പരുളുന്നവനും കാരുണ്യമുള്ളവനുമാകുന്നു. ഇതാണുൽബോധനം. മാധ്യമങ്ങളും ഉപാധികളും എത്രയൊക്കെ മെച്ചപ്പെട്ടതും കുറ്റമറ്റതുമാണെങ്കിലും വിശ്വാസിയുടെ യഥാർഥ അവലംബം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമാണ്. അതുണ്ടെങ്കിൽ ഏതു മഹാപ്രളയത്തിലും നിസ്സാരമായ പുൽക്കൊടിപോലും അവനു രക്ഷാമാർഗമാകും. ഇല്ലെങ്കിലോ ശാന്തമായ കടലിലൊഴുകുന്ന അതിഗംഭീരമായ ടൈറ്റാനിക്കുകളിൽ പോലും രക്ഷയുണ്ടാവുകയുമില്ല.

ഈയടിസ്ഥാനത്തിൽ അല്ലാഹുവിൽ വിശ്വാസമർപ്പിച്ച് അവനിൽ ശരണം തേടി പ്രയാണമാരംഭിക്കുന്നു എന്നതാണ് ഇതുൾക്കൊള്ളുന്ന പ്രാർഥന. ഏതുകാര്യവും ബിസ്മിയോടുകൂടി ആരംഭിക്കണമെന്ന് നബി(സ) ഉപദേശിച്ചിട്ടുണ്ട്. പ്രവാചകൻ പ്രസ്താവിച്ചതായി ത്വബ്റാനി ഉദ്ധരിക്കുന്നു:

എന്നും وما قدروا الله حق قدره എന്നു തുടങ്ങുന്ന സൂക്തവും بسم الله الملك الرحمن بسم الله مجراها ومرساها إن ربى لغفور رحيم എന്നും തുടങ്ങുന്ന സൂക്തവും കപ്പലിൽ കയറുന്നവർ ഉരുവിടുന്നത് കപ്പൽ ചേതത്തിൽനിന്നുള്ള അഭയമാകുന്നു."

42: നൂഹ് നബിയുടെ കപ്പൽ സഞ്ചാരത്തിന്റെ തുടക്കം ചിത്രീകരിക്കുകയാണ്: മീതെനിന്ന് പേമാരി കോരിച്ചൊരിയുന്നു. ഭൂമി നാനാഭാഗങ്ങളിൽനിന്നും അതിനക

ത്തുള്ള വെള്ളമത്രയും പുറത്തേക്ക് ചീറ്റുന്നു. ജലവിതാനം ക്രമാതീതമായി ഉയർന്നുവരുന്നു. തിരമാലകൾ മലകൾ പോലെ പൊങ്ങിവന്ന് ആർത്തലച്ചു കൊണ്ടിരിക്കുന്നു. അവയെ കീറിമുറിച്ചുകൊണ്ട് കപ്പൽ സുരക്ഷിതമായി നീങ്ങിത്തുടങ്ങുന്നു. ഈ സന്ദർഭത്തിൽ തന്റെ പുത്രന്മാരിലൊരുവൻ അപ്പുറത്ത് ഒറ്റപ്പെട്ടു നിൽക്കുന്നതായി നൂഹ് നബി(അ) കാണുന്നു. وَكَانَ فِى مَعْزِلٍ എന്നാണ് മൂലവാക്ക്. **عزل**ൽനിന്നുള്ള സ്ഥല സൂചകനാമം –**اسم مكان**– ആണ് **معزل**. കൂട്ടത്തിൽനിന്ന് മാറ്റിനിർത്തുന്നതിന് **عَزَلَ** എന്നും അങ്ങനെ മാറി ഏകാന്തവാസമനുഷ്ഠിക്കുന്ന സ്ഥലം **معزل** എന്നും കൂട്ടത്തിൽനിന്ന് സ്വയം മാറിനിൽക്കുന്നതിന് **إعتزل** എന്നും പറയുന്നു. ഒരാളെ ഒറ്റപ്പെടുത്തുന്നതിനും സ്ഥാനത്യാഗം ചെയ്യിക്കുന്നതിനും **عزلة** എന്നുപറയും. മറ്റൊരാളുമായുള്ള ബന്ധം വിഛേദിച്ച് അകന്നുപോയി എന്ന അർഥത്തിൽ **إعتزل عنه** എന്നും പറയുന്നു. മൈഥുന വേളയിൽ ശുക്ലം ഗർഭാശയത്തിൽ കടക്കുന്നത് തടയുന്നതിനും **عزل** എന്നാണ് പറയുക. **عَزَلَة** അവിവാഹിത ജീവിതമാണ്.

ഈ പുത്രന്റെ പേർ 'കൻആൻ' എന്നാണെന്ന് ഐതിഹ്യമുണ്ട്. അയാൾ മാറിനിന്നത് ആരിൽനിന്നായിരുന്നു എന്നകാര്യത്തിൽ വ്യാഖ്യാതാക്കൾക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത് അയാൾ മാറിനിന്നത് നൂഹ് നബിയിൽ നിന്നും അദ്ദേഹത്തിന്റെ കപ്പലിൽനിന്നും ആയിരുന്നു എന്നാണ്. കാരണം നൂഹ് നബിയെ നിഷേധിക്കുന്ന പക്ഷത്തായിരുന്നു അയാൾ. കപ്പൽ പുറപ്പെടുമ്പോൾ തങ്ങളിൽനിന്ന് മാറിനിൽക്കുകയായിരുന്ന കൻആനെ കണ്ട്, പുത്രവാത്സല്യത്തിന്റെ സമ്മർദത്തിനു വിധേയനായി അദ്ദേഹം അയാളെ കപ്പലിലേക്കു വിളിച്ചു. ഈ വിളി വിശ്വാസത്തിലേക്കും ദൈവിക ദീനിലേക്കും കൂടിയുള്ള വിളിയായിരുന്നു. ഇതിലെ يَـٰبُنَيَّ എന്റെ കുഞ്ഞുമകനേ, എന്ന സംബോധന പുത്രവാത്സല്യത്തെയും وَلَا تَكُن مَّعَ ٱلْكَـٰفِرِينَ എന്ന വാക്യം ഇസ്‌ലാമിലേക്കുള്ള ക്ഷണത്തെയും പ്രതിനിധീകരിക്കുന്നു.

إبن മകൻ എന്ന പദത്തെ ചെറുത് എന്ന അർഥത്തിൽ – **تصغير** ചെയ്ത് – **بُنَيّ** എന്നാക്കിയതിൽ ഉത്തമപുരുഷ സർവനാമം ചേർത്തതാണ് **بُنَيّ**. ഇബ്നിന്റെ അസൽരൂപം **بَنْو** എന്നാണ്. ഉച്ചാരണ സൗകര്യാർഥം ഒടുവിലെ **واو** കളഞ്ഞ് പകരം തുടക്കത്തിൽ **ا** ചേർത്തപ്പോഴാണ് **إبن** ആയത്. അസൽ രൂപത്തെ **تصغير** ചെയ്യുമ്പോൾ **بنيو** എന്നാകുന്നു. അതിലെ അവസാനത്തെ വാവിനെ **ياء** ആക്കി മറ്റേ യാഇൽ ലയിപ്പിച്ചപ്പോൾ **بني** എന്നായി. അതിൽനിന്ന് ഒരു യാഇനെ ഉത്തമപുരുഷ സർവനാമ സൂചകമായ യാഅ് ആക്കി. അങ്ങനെയാണ് അതു ബുനയ്യ(بُنَيّ) ആയത്. സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുന്നതിനുവേണ്ടിയാണ് നാമങ്ങളെ **تصغير** ചെയ്യുന്നത്. കുഞ്ഞുമകനേ, പ്രിയപുത്രാ, പൊന്നുമോനേ എന്നൊക്കെ ഇതു തർജമ ചെയ്യാവുന്നതാണ്.

കൻആൻ വിശ്വാസികളുടെകൂടെയോ അവിശ്വാസികളുടെ കൂടെയോ ചേരാതെ ഒറ്റപ്പെട്ടു നിൽക്കുകയായിരുന്നു എന്ന അർഥത്തിലാണ് ചില വ്യാഖ്യാതാക്കൾ وَكَانَ فِى مَعْزِلٍ എന്നവാക്കിനെ സ്വീകരിച്ചിട്ടുള്ളത്. ഈ വാദത്തിന് രണ്ടുന്യായം ഉന്നയിക്കപ്പെടുന്നു. ഒന്ന്, രണ്ടുപാളയത്തിലും പെടാതെ ഒറ്റപ്പെട്ടു നിൽക്കുന്ന സ്ഥലമാണ് **معزل**. കൻആൻ സത്യനിഷേധികളുടെ കൂട്ടത്തിലായിരുന്നുവെങ്കിൽ **وكان من الكافرين** എന്നാണ് പറയുക. രണ്ട് നീ സത്യനിഷേധികളുടെ കൂടെ ചേരരുത് وَلَا تَكُن مَّعَ ٱلْكَـٰفِرِينَ എന്ന നൂഹ് നബിയുടെ ഉപദേശം അതുവരെ അയാൾ സത്യനിഷേധികളുടെ ഗണത്തിൽ ആയിട്ടില്ല എന്ന് കുറിക്കുന്നു.

ഒരു പ്രവാചകൻ സത്യനിഷേധിയെ –അല്ലാഹുവിന്റെ ശത്രുവിനെ– അല്ലാഹു

ശിക്ഷിക്കുമ്പോൾ രക്ഷപ്പെടുത്താൻ ശ്രമിക്കുമോ, ശ്രമിക്കാൻ പാടുണ്ടോ എന്ന ചോദ്യമാണ് ഈ വ്യാഖ്യാന ഭേദത്തെ പ്രസക്തമാക്കുന്നത്. അല്ലാഹുവിന്റെ ശത്രുക്കൾക്കു വേണ്ടി പ്രവാചകനോ വിശ്വാസികളോ പാപമോചനം തേടാൻ പാടില്ല എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുള്ള കാര്യം നേരത്തെ *ഖുർആൻ ബോധനം* വിശദീകരിച്ചതാണല്ലോ. അപ്പോൾ പിന്നെ നൂഹ് നബി ചെയ്തതിന്റെ ന്യായമെന്താണ്? ഒന്നാമത്തെ വ്യാഖ്യാനക്കാരുടെ വിശദീകരണം ഇതാണ്: മറ്റേതൊരു പിതാവിനെയും പോലെ പുത്രവത്സലനായിരുന്നു നൂഹ് നബിയും. ആ മഹാവിപത്തിൽനിന്ന് പുത്രനെ രക്ഷപ്പെടുത്താൻ അദ്ദേഹം കൊതിച്ചു. കപ്പലിൽ കയറാൻ അനുമതി നൽകപ്പെട്ട കുടുംബത്തിൽ (أهل) ഈ മകനും പെടുമെന്ന് നിശ്ചയിച്ചു. വാസ്തവത്തിൽ അവിശ്വാസിയായ മകൻ അനുമതി നൽകപ്പെട്ടവരിൽ പെടില്ലായിരുന്നു. എങ്കിലും അവിശ്വാസിയായിക്കൊണ്ട് കപ്പലിൽ രക്ഷപ്പെടാനല്ല അദ്ദേഹം മകനെ ക്ഷണിച്ചത്. അവിശ്വാസികളുടെ കൂടെ ചേരാതെ തങ്ങളെപ്പോലെ വിശ്വാസിയായിക്കൊണ്ട് കപ്പലിൽ കയറാനാണാവശ്യപ്പെട്ടത്. രക്ഷ വാഗ്ദാനം ചെയ്യപ്പെട്ട കുടുംബത്തി –أهل– ൽ അവിശ്വാസിയായ പുത്രനും പെടുമെന്ന അദ്ദേഹത്തിന്റെ നിഗമനം (اجتهاد) ശരിയായിരുന്നില്ല. ശിക്ഷ യാഥാർഥ്യമായിക്കഴിഞ്ഞശേഷം വിശ്വസിപ്പിച്ച് രക്ഷിച്ചു കളയാമെന്ന ചിന്തയും അസ്ഥാനത്തായിരുന്നു. അന്ത്യനിമിഷത്തിലുള്ള വിശ്വാസം ആരെയും രക്ഷിക്കുകയില്ല. മുങ്ങിമരിക്കുന്ന നേരത്ത് ഫറവോൻ സത്യവിശ്വാസം പ്രഖ്യാപിച്ചതായും അല്ലാഹു അതു തള്ളിക്കളഞ്ഞതായും ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. അതിനാൽ അല്ലാഹു അദ്ദേഹത്തെ തിരുത്തുകയും ആവശ്യം നിരസിക്കുകയും ചെയ്തു. അടുത്ത 45,46 സൂക്തങ്ങളിൽ അക്കാര്യം പരാമർശിക്കുന്നുണ്ട്.

രണ്ടാമത്തെ വ്യാഖ്യാനപ്രകാരം നൂഹ് നബിക്ക് തെറ്റൊന്നും പറ്റിയിട്ടില്ല. അപ്പോഴും വിശ്വാസികളിൽനിന്നും അവിശ്വാസികളിൽനിന്നും ഒരുപോലെ മാറിനിൽക്കുന്ന മകനെ വിശ്വാസം കൈക്കൊണ്ട് രക്ഷപ്പെടാനുപദേശിക്കുകയാണ് അദ്ദേഹം ചെയ്തത്. രക്ഷ വാഗ്ദത്തം ചെയ്യപ്പെട്ട കുടുംബത്തിൽ തന്റെ മകനും ഉൾപ്പെടുമെന്ന ഇജ്തിഹാദിൽ അദ്ദേഹം പിഴച്ചിരുന്നു. ഇജ്തിഹാദിൽ പിഴക്കുന്നത് തെറ്റോ കുറ്റമോ അല്ല. ഈ പിഴവാണ് 45,46 സൂക്തങ്ങളിൽ തിരുത്തുന്നത്.

43: നൂഹ് നബിയുടെ ഉപദേശം പുത്രൻ അപ്പോഴും ചെവിക്കൊണ്ടില്ല. അവൻ പ്രതികരിച്ചു: ഇതൊരു വെള്ളപ്പൊക്കം. രണ്ടോ നാലോ ദിവസം നീണ്ടുനിൽക്കും. ഞാൻ വല്ല മലമുകളിലും കയറി രക്ഷപ്പെട്ടുകൊള്ളാം. ഏതായാലും നിങ്ങളോടൊപ്പം കൂടാൻ ഉദ്ദേശിക്കുന്നില്ല. അതിബീഭത്സമായ സ്ഥിതിവിശേഷം കണ്ടിട്ടും അവന്റെ മൂഢമായ അഹന്തക്ക് കോട്ടം തട്ടിയില്ലെന്നർഥം. പിതാവിന്റെ സ്നേഹ നിർഭരമായ ഉപദേശം ഒട്ടും സ്വാധീനിച്ചതുമില്ല. പിതാവ് അവനെ വീണ്ടും ഉപദേശിച്ചു: മകനേ, ഇത് വെറുമൊരു വെള്ളപ്പൊക്കമല്ല. അല്ലാഹുവിന്റെ ശിക്ഷയാണ്. അതിൽനിന്ന് ആർക്കും ആരെയും രക്ഷപ്പെടുത്താനോ സ്വയം രക്ഷപ്പെടാനോ കഴിയില്ല. അല്ലാഹുവിന്റെ കാരുണ്യം ഒന്നുമാത്രമാണ് രക്ഷാമാർഗം. അതിനാൽ അവനിൽ വിശ്വസിച്ച് അവന്റെ കാരുണ്യം തേടുക. ഇതുപറഞ്ഞുകഴിയുമ്പോഴേക്കും ഒരു വൻ തിര അവർക്കിടയിൽ മറയായി വന്നു. അത് അവനെ വെള്ളത്തിനടിയിലേക്ക് വലിച്ചുകൊണ്ടുപോയി. അതോടെ കഴിഞ്ഞു അവന്റെ കഥ. അവന്റെ മാത്രമല്ല നൂഹ് ജനതയിൽ എല്ലാവരുടെയും കഥ. ആയിരമായിരം തിരകൾ ആർത്തലച്ചുവന്ന് ഓരോരുത്തരെയും ജലത്തിന്റെ അഗാധമായ ആഴങ്ങളിലേക്ക് വലിച്ചുകൊണ്ടുപോയി. അവരുടെയൊന്നും അന്ത്യം നൂഹ് നേരിട്ടു കണ്ടതായി ഖുർആൻ സൂചിപ്പിക്കുന്നില്ല. അതുപോലെ സ്വപ്നം

ത്രന്റെ അന്ത്യവും അദ്ദേഹത്തിൽനിന്ന് അദൃശ്യമാക്കാമായിരുന്നു. എങ്കിൽ അദ്ദേഹത്തിലെ പിതാവ് ഇത്രത്തോളം വ്യഥിതനാകുമായിരുന്നില്ല. പക്ഷെ, സ്വന്തം പുത്രൻ വെള്ളത്തിൽ മുങ്ങിച്ചാകുന്നത് അദ്ദേഹം നോക്കിക്കാണണമെന്നായിരുന്നു അല്ലാഹുവിന്റെ നിശ്ചയം: നൂഹ്(അ) അഭിമുഖീകരിച്ച അവസാനത്തെ പരീക്ഷണമായിരുന്നു അത്. പ്രവാചക വര്യന്മാർ എന്തുമാത്രം കഠിനതരമായ പരീക്ഷണങ്ങളിലൂടെയൊക്കെയാണ് കടന്നുപോന്നിട്ടുള്ളതെന്ന് ഈ സംഭവം നമ്മെ ഉണർത്തുന്നു. ആ പരീക്ഷണങ്ങളെയെല്ലാം അവർ സ്ഥൈര്യത്തോടെ, സഹനത്തോടെ വിജയകരമായി നേരിടുകയായിരുന്നു. കൂടാതെ അല്ലാഹുവിന്റെ നീതിനിർവഹണം നിഷ്പക്ഷമാണെന്നും നൂഹ്നബിയെപ്പോലെ ഉലുൽ അസ്മിൽ പെട്ട ഒരു പ്രവാചകന്റെ പുത്രനായാലും ധർമധിക്കാരിയാണെങ്കിൽ അവനെയും അദ്ദേഹത്തിന്റെ കൺമുമ്പിൽ വച്ചുതന്നെ നിർദാക്ഷിണ്യം മുക്കിക്കൊല്ലുമെന്നു കൂടി ഈ സംഭവം ചൂണ്ടിക്കാണിച്ചു തരുന്നു. ■